മെന്നും യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കണമെന്നും ഇമിഗ്രേഷൻ കസ്റ്റംസ് സൗകര്യം എളുപ്പമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളുമായും ബന്ധപ്പെടുത്തുന്ന സർവ്വീസ് ആരംഭിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഭൂപടത്തിൽ തിരുവനന്തപുരത്തിനുള്ള സ്ഥാനം കണക്കിലെടുത്ത് തിരുവനന്തപുരം വിമാനത്താവളം സർവ്വീസ് നടത്തുന്ന വിമാനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് ഏറ്റവും ഉചിതമായ സ്ഥലമായിരുന്നിട്ടും പ്രസ്തുത വിമാനത്താവളം ഒരു പ്രമുഖ ഇന്ധന നിക്ഷേപ കേന്ദ്രമാക്കി മാറ്റാനുള്ള എല്ലാ സൗകര്യങ്ങളും ഇവിടെ ഉണ്ടായിട്ടും ഈ വിമാനത്താവളത്തിന്റെ പുരോഗതിയിൽ കേന്ദ്രം ശ്രദ്ധചെലുത്തുന്നില്ല എന്ന് 1998 ജൂലായ് 14-ന് പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ മുഖ്യമന്ത്രി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇനിയും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

9 (633) അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിഞ്ഞ മൂന്നു വർഷം നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ മുഖേന എത്രത്തോളം പ്രത്യക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇനിയുള്ള രണ്ടുവർഷം പ്രത്യക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കാർഷിക, വ്യാവസായിക, ടൂറിസം തുടങ്ങിയ മേഖലകളിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സൃഷ്ടിക്കപ്പെടുന്ന പ്രത്യക്ഷ തൊഴിൽ മേഖലകളിൽ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് നേരിട്ടുള്ള നിയമനം നടത്തുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഇ) നേരിട്ടുള്ള നിയമനരീതി അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമാകാറുണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കൃഷി, അനുബന്ധമേഖലകളായ മൽസ്യബന്ധനം, മൃഗസംരക്ഷണം എന്നിവ, വ്യവസായം, വിനോദസഞ്ചാരം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുള്ളിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ചെറുകിട വ്യവസായ രംഗത്തുമാത്രം മൊത്തം 4.35 ലക്ഷം പേർക്ക് തൊഴിൽ നൽകാൻ കഴി

LIBRARY ARCHIVES Kerala Legislative Assembly

യുന്ന 87000 യൂണിറ്റുകളാണ് 9-ാം പദ്ധതിക്കാലത്ത് ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നത്. ഇതിനു പുറമേ പരമ്പരാഗത വ്യവസായ രംഗത്ത് നിലവിലുള്ള തൊഴിലവസരങ്ങൾ നിലനിർത്തുന്നതോടൊപ്പം പുതിയ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിവര സാങ്കേതികവിദ്യാരംഗത്തു തൊഴിൽ പ്രധാനമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വികസന പദ്ധതികളിൽ ഏറെയും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ഒൻപതാം പദ്ധതിയുടെ ഭാഗമായി കൃഷി, വ്യവസായം, ടൂറിസം എന്നീ മേഖലകളിൽ ഇപ്പോൾ നടപ്പാക്കിവരുന്ന വികസന പരിപാടികൾ ഫലപ്രദമായും ത്വരിതഗതിയിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ വിവര സാങ്കേതിക വിദ്യാരംഗത്ത് തൊഴിലവസരങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി)&(ഇ) ഇതു സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

10 (634) സംവരണം പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനുള്ള അവലോകന സമിതി

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ മുഖ്യമന്ത്രി ചെയർമാനായുള്ള അവലോകന സമിതി യോഗം ചേരേണ്ടതിന്റെ കാലാവധി എത്രയാണ്;

(ബി) ഈ സമിതി മൂന്നുവർഷത്തിനുള്ളിൽ എത്രപ്രാവശ്യം യോഗം ചേർന്നു;

(സി) നിശ്ചിത കാലയളവിൽ യോഗംചേരുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ പലതും സംവരണ കാര്യത്തിൽ സർക്കാർ ഉത്തരവുകൾ ലംഘിക്കുന്നതായുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടറുടെ ത്രൈമാസ റിവ്യൂ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ് തസ്തികകളിൽ പട്ടിക വിഭാഗക്കാരനെപ്പോലും നിയമിക്കാത്ത എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; ഈ മാനേജുമെന്റുകൾക്കെതിരെ നടപടി എടുക്കുമോ;

(എഫ്) ഒറ്റ പട്ടികവർഗ്ഗക്കാരനേയും നിയമിക്കാത്ത എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; ഈ മാനേജ്മെന്റുകൾക്കെതിരേയും നടപടി എടുക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly